## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)

### ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ജോൺസൺ കെ)

വിഷയം : തസ്വഭവ (LID&EW) - ജീവനക്കാര്യം - അസി. എഞ്ചിനീയർ തസ്തികയിൽ സീനിയോരിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) അസി. എഞ്ചിനീയർ തസ്തികയിലെ 18.05.2020-ലെ ഇതേ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക

2) എറണാകുളം ജില്ലാ പി.എസ്.സി ഓഫീസറുടെ 20.12.2011-ലെ RE III(3) 426/11 നമ്പർ നിയമന ശുപാർശ

3) 29.11.2021-ലെ ഇ3-7155/2021/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

4) ശ്രീമതി. ധന്യ എസ് നായർ, അസി. എഞ്ചിനീയറുടെ അപേക്ഷ

5) ഈ കാര്യാലയത്തിലെ 12.04.2022-ലെ ഇതേ നമ്പർ നോട്ടീസ്

## ഉത്തരവ് നം. ഇ22-4358/2020/സിഇ/തസ്വഭവ തീയതി 09/05/2022

ഈ വകുപ്പിൽ പരാമർശം (2) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. ധന്യ എസ് നായർ പ്രൊബേഷൻ കാലയളവിന് ശേഷം 26.05.2014 മുതൽ 5 വർഷത്തേയ്ക്ക് KSR Part I Appendix XII C പ്രകാരമുള്ള ശൂന്യവേതനാവധി ഉപയുക്തമാക്കി 23.05.2019-ന് തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ പരാമർശം (1) പ്രകാരമുള്ള അന്തിമ മുൻഗണനാപ്പട്ടിക പ്രസിദ്ധീകരിച്ച വേളയിൽ ടിയാരി പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ, ശൂന്യവേതനാവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിച്ച തീയതി മുതൽ സീനിയോരിറ്റി അനുവദിച്ച് പ്രസ്തുത പട്ടികയിൽ റാങ്ക് നം. 2043 ആയി ടിയാരിയെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് പരാമർശം (3) പ്രകാരം ടിയാരി പ്രൊബേഷൻ കാലാവധി 16.05.2014 മുതൽ പ്രാബല്യത്തിൽ പൂർത്തിയാക്കിയിട്ടുള്ളതായി ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പരാമർശം (1) അന്തിമ മുൻഗണനാപ്പട്ടികയിൽ റാങ്ക് നം. 676(a) ആയി ടിയാരിയെ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് പരാമർശം (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ആയതിന് ഈ കാര്യാലയത്തിൽ ആക്ഷേപങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ടിയാരിയുടെ സ്ഥാനം ശ്രീ. അനി ടി.പി (റാങ്ക് നം. 676)-ന്റേയും, ശ്രീ. ഷിബു സി.എസ് (റാങ്ക് നം. 677)-ന്റേയും മധ്യേ റാങ്ക് നം. 676(a) ആയി നിജപ്പെടുത്തി ഉത്തരവാകുന്നു.

**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്